# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **3651**

**17-12-2015** ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.ശശി : | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചത് എന്നാണ് ; | (എ) 1991-94 കാലഘട്ടത്തിലാണ് വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചത്. |
| (ബി) | ഇപ്പോൾ ഈ പദ്ധതി ഏത് വ്യവസ്ഥയിൽ ആണ് ആരംഭിക്കുന്നത് ; പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ ആണോ ഈ പദ്ധതി ആരംഭിക്കുന്നത് ; | (ബി) കേന്ദ്ര ആസൂത്രണ കമ്മിഷൻ പ്രസിദ്ധീകരിച്ച മാതൃകാ കൺസഷൻ കരാറിന് അനുസരിച്ച് പൊതു- സ്വകാര്യ പങ്കാളിത്തത്തോടു കൂടിയാണ് ഇപ്പോൾ ഈ പദ്ധതി ആരംഭിച്ചിരിക്കുന്നത്. |
| (സി) | ഇതിന്റെ മുതൽമുടക്കിന് സർക്കാരിന്റെ പങ്കാളിത്തം എത്ര ശതമാനമാണ് ; പണി പൂർത്തിയാക്കുമ്പോൾ സർക്കാരിന് ലഭിക്കുന്ന വാർഷിക ലാഭം എത്രയാണ് എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വാർഷിക ലാഭത്തിന്റെ എത്ര ശതമാനമാണ് സർക്കാരിന് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) കരാർ പ്രകാരം വിഴിഞ്ഞം പദ്ധതിയിൽ തുറമുഖത്തിനു മാത്രമായുള്ള ആകെ തുക 5552 കോടി രൂപയാണ്. ഇതിൽ 4089 കോടി രൂപ പി.പി.പി ഘടകവും 1463 കോടി രൂപ സർക്കാർ ചെലവിൽ നിർമ്മിക്കുന്ന ഫണ്ടഡ് വർക്കായ ബ്രേക്ക്‌വാട്ടറിന്റെ തുകയുമാണ്. പി.പി.പി ഘടകത്തിൽ സ്വകാര്യ പങ്കാളിക്ക് 40% സഹായധനത്തിന് അർഹതയുണ്ട്. ബിഡ്ഡർ ആവശ്യപ്പെട്ട സഹായധനം 1635 കോടി രൂപയാണ്. ഇതിൽ പി.പി.പി. ഘടകത്തിന്റെ 30% സഹായധനം 1226.7 കോടി രൂപ "Equity Support" ആയി നിർമ്മാണ ഘട്ടത്തിലും, 408.3 കോടി രൂപ "O&M Support" ആയി നടത്തിപ്പു |

കാലയളവിലും സ്വകാര്യ പങ്കാളിയ്ക്കു നൽകേണ്ടതാണ്.

സംസ്ഥാന സർക്കാർ നിർമ്മാണ കാലയളവിൽ 1463 കോടി രൂപയുടെ ഫണ്ടഡ് വർക്കിന്റെ ചെലവ് വഹിക്കും. ഒപ്പം 408.9 കോടി രൂപ സഹായധനമായി (പി.പി.പി. ഘടക ത്തിന്റെ 10%) നല്കും. നിർമ്മാണ കാലയളവിൽ സംസ്ഥാന സർക്കാരിന്റെ ചെലവ് 1871.9 കോടി രൂപയാണ് (1463+408.9). ഇത് കരാർ തുകയായ 5,552 കോടി രൂപയുടെ 33.72 ശതമാനം ആണ്.

സംസ്ഥാന സർക്കാർ നടത്തിപ്പു കാലയള വിൽ 408.3 കോടി രൂപ സഹായധനമായി നല്കും.

സംസ്ഥാന സർക്കാർ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ബാഹ്യ അടിസ്ഥാന സൗകര്യത്തിനായി 1973 കോടി രൂപ ചെലവ് വഹിയ്ക്കും.

തുറമുഖ നടത്തിപ്പിന്റെ പതിനഞ്ചാം വർഷം മുതൽ (കരാറിന്റെ പത്തൊമ്പതാം വർഷം) സംസ്ഥാന സർക്കാരിന് തുറമുഖ ത്തിന്റെ നടത്തിപ്പിൽ നിന്നുള്ള വരുമാന ത്തിന്റെ വിഹിതം ലഭിച്ചു തുടങ്ങും. ഇരുപതാം വർഷം ഈ വിഹിതം ഒരു ശത മാനവും പിന്നീടുള്ള ഓരോ വർഷവും ഒരു ശതമാനം വീതം കൂടി കരാർ കാലാ വധി പൂർത്തിയാകുന്ന നാൽപ്പതാം വർഷം ഇരുപത്തി ഒന്ന് ശതമാനം വരെ ഉയരും.

തുറമുഖേതര പ്രവർത്തനങ്ങളായ പോർട്ട് എസ്റ്റേറ്റ് ഡവലപ്മെന്റിന്റെ ആകെ വരുമാന ത്തിന്റെ 10% തുറമുഖ നടത്തിപ്പിന്റെ ഏഴാം വർഷം മുതൽ സംസ്ഥാന സർക്കാരിന് ലഭിക്കും.

സെക്ഷൻ ഓഫീസർ